**<u>ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ: ശാലിനി ഗോപിനാഥ് (PEN: 498485)

ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം- ശ്രീ. ജോൺ വർഗ്ഗീസ് (PEN: 708069), ക്ഷീര വികസന ഓഫീസർ - രാജി അപേക്ഷ സമർപ്പിച്ചത് - രാജി സ്വീകരിച്ച് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/2558/2025-ES1 തിരുവനന്തപുരം,തീയതി:25-02-2026

---

പരാമർശം:- 1. കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ 17.06.2025 ലെ DDKLM/477/2025-A4 നം. കത്ത്

2. ശ്രീ. ജോൺ വർഗ്ഗീസ്, ക്ഷീര വികസന ഓഫീസറുടെ 27.05.2025 ലെ രാജി അപേക്ഷ

3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളയുടെ 14.10.2025 ലെ GE 16/E/DAIRY/1017667/449 നം. കത്ത്.

4. കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ 12.02.2026 ലെ DDKLM/477/2025-A4 നം. കത്ത്

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിൽ കൊല്ലം ചെറുമൂട് ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീ. ജോൺ വർഗ്ഗീസ്, വ്യക്തിപരമായ കാരണങ്ങളാൽ, 01.06.2025 പൂർവ്വാഹ്നം പ്രാബല്യം വകുപ്പിൽ നിന്ന് രാജി വയ്ക്കുന്നതായി കാണിച്ച് മേൽ പരാമർശം (1), (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. ടിയാന്റെ സർക്കാരുമായുള്ള ബാദ്ധ്യതാ വിവരങ്ങൾ പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്. ടിയാൻ നാളിതുവരെ വകുപ്പിൽ സേവനമനുഷ്ഠിച്ചിട്ടുള്ള കണ്ണൂർ ക്ഷീര വികസന യൂണിറ്റ്, മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, കൽപ്പറ്റ ക്ഷീര വികസന യൂണിറ്റ്, ചെറുമൂട് ക്ഷീര വികസന യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ബാദ്ധ്യാതാ രഹിത സർട്ടിഫിക്കറ്റ് പരാമർശം (4) പ്രകാരം കൊല്ലം ഡെപ്യൂട്ടി ഡയറക്ടറും ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (3), (4) പരിശോധിച്ചതിൽ ടിയാന് വകുപ്പുമായി ബന്ധപ്പെട്ടും സർക്കാരുമായി ബന്ധപ്പെട്ടും ബാദ്ധ്യതകൾ ഇല്ലായെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. ജോൺ വർഗ്ഗീസ്, ക്ഷീര വികസന ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുള്ള രാജിക്കത്ത്, കെ എസ് ആർ പാർട്ട് I ചട്ടം 23 സർക്കാർ തീരുമാനം 1 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, 01.06.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ സ്വീകരിച്ചതായി അംഗീകരിച്ചുകൊണ്ടും, ടി തസ്തികയുമായി ബന്ധപ്പെട്ടിട്ടുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും ഭാവിയിൽ യാതൊരുവിധ അവകാശവും ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന്

അറിയിച്ചുകൊണ്ടും ഉത്തരവാകുന്നു.

Digitally signed by
SALINI GOPINATH
Date: 25-02-2026
18:14:48

**ഡയറക്ടർ**

ശ്രീ. ജോൺ വർഗ്ഗീസ്

മിനി നിവാസ്

ചക്കുവരയ്ക്കൽ

കൊട്ടാരക്കര

കൊല്ലം - 691508

(കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2) ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3) ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4) ഡയറക്ടറുടെ സി എ

5) ഇ എസ്2/ ബി3/ എ1 സീറ്റുകൾ